"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ:എച്ച്1/14546/13

തൈക്കാട്, തിരുവനന്തപുരം-14

തീയതി: 17/1/2014

### ചുറ്ററിയിപ്പ്

**വിഷയം:-** വ്യവസായ പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- സർട്ടിഫിക്കറ്റുകളുടെ കൈപ്പറ്റു ചീട്ട് യഥാസമയം ലഭ്യമാക്കുന്നത്- സംബന്ധിച്ച്.

വിവിധ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ മുഖാന്തിരം ഈ കാര്യാലയത്തിൽ നിന്നും കൈപ്പറ്റുന്ന ബ്ലാങ്ക്/മേലൊപ്പു ചാർത്തിയ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് യാതൊരറിയിപ്പും സ്ഥാപനമേധാവികൾ യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കാറില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കാരണത്താൽ ഈ കാര്യാലയത്തിലെ ഫയലുകളിൽ അന്തിമ തീർപ്പു കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നു. ടി സാഹചര്യത്തിൽ ഈ കാര്യാലയത്തിൽ നിന്നും കൈപ്പറ്റുന്ന ബ്ലാങ്ക്/മേലൊപ്പു ചാർത്തിയ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ലഭിച്ചതായുള്ള കൈപ്പറ്റു ചീട്ട് ടി സർട്ടിഫിക്കറ്റുകൾ കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ടി കൈപ്പറ്റു ചീട്ട് നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചിട്ടില്ലായെങ്കിൽ തുടർന്ന് വരുന്ന ബ്ലാങ്ക്/മേലൊപ്പു ചാർത്തിയ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിതരണം നടത്തുന്നതല്ല എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

**അഡീഷണൽ ഡയറക്ടർ (ട്രെയിനിംഗ്)**

To

എല്ലാ ഗവ. / പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
ആർ.ഐ.സെന്റർ ട്രെയിനിംഗ് ആഫീസർമാർക്കും

എ-17-1-14